പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3110

10/05/2017-ൽ മറുപടിക്ക്

## 24 മണിക്കൂർ പ്രവർത്തിക്കുന്ന ശസ്ത്രക്രിയാ വിഭാഗം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്** | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) കോട്ടയം ഐ.സി.എച്ച് ആശുപത്രിയിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന ശസ്ത്രക്രിയാ വിഭാഗം ഇല്ലാത്തത് മൂലം രോഗികൾക്ക് ആവശ്യമായ ചികിത്സാ സൗകര്യം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. എല്ലാ ദിവസവും രാവിലെ 8 മുതൽ 3 മണിവരെ പീഡിയാട്രിക് സർജറി വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ആഴ്ചയിൽ 2 ദിവസം ശസ്ത്രക്രിയ ചെയ്യുന്നുണ്ട്. |
| ബി) പ്രസ്തുത ആശുപത്രിയിൽ 24 മണിക്കൂർ പ്രവർത്തിക്കുന്ന ശസ്ത്രക്രിയാ വിഭാഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | ബി) കോട്ടയം മെഡിക്കൽ കോളേജിന്റെ രണ്ടു വകുപ്പുകളാണ് ഐ.സി.എച്ച്-ൽ പ്രവർത്തിക്കുന്നത്. പീഡിയാട്രിക് മെഡിസിൻ, പീഡിയാട്രിക് സർജറി എന്നിവ ആഴ്ചയിൽ രണ്ടു ദിവസങ്ങളിൽ (ചൊവ്വ, വെള്ളി) ശസ്ത്രക്രിയ നടക്കുന്നുണ്ട്. മറ്റു ദിവസങ്ങളിൽ ഏതു സമയത്തും എമർജൻസി കേസുകൾ ചെയ്യുന്നുണ്ട്. മെഡിക്കൽ കോളേജിലെ അനസ്തേഷ്യാ വിഭാഗത്തിലെ ഡോക്ടർമാരുടെ സേവനമാണ് ലഭ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ